ശ്രീ. കടവൂർ ശിവദാസൻ : സർ, തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലാണ് മെമ്പർ ഇങ്ങനെ പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും പലതവണ കേന്ദ്രഗവൺമെന്റിൽ പോയി സമ്മർദ്ദം ചെലുത്തുകയും അവ ഇവിടെ കൊണ്ടുവരികയും 14-1-2004-ൽ കരാർ ഉണ്ടാക്കുകയും ചെയ്ത പദ്ധതിയാണ് ഇത്. എൻ.ടി.പി.സി. യാണ് ഇതിന്റെ കരാറും കാര്യങ്ങളും ചെയ്യേണ്ടുന്നത്. അതിന് എടുത്ത നടപടികൾ വളരെ വിശദമായി പറഞ്ഞു. വളരെവേഗം ഇത് ഇവിടെ വരുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ജലവിനിയോഗത്തിന്റെ മുൻഗണനാക്രമം

*4 [34] ശ്രീ. അടൂർ പ്രകാശ് :
,, എ. സുജനപാൽ :
,, വി. ഡി. സതീശൻ :
,, എ. കെ. മണി :
,, കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലത്തിന്റെ വിനിയോഗം സംബന്ധിച്ച് ദേശീയാടിസ്ഥാനത്തിൽ ഒരു മുൻഗണനാക്രമം കേന്ദ്ര ഗവൺമെന്റ് നിർണ്ണയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അത് സംബന്ധിച്ച വിവരം നൽകുമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച ഒരു മുൻഗണനാക്രമം സംസ്ഥാന ഗവൺമെന്റ് നിർണ്ണയിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ സംസ്ഥാനത്തിന്റെ ജലലഭ്യത സംബന്ധിച്ച് ആവശ്യമായ സ്ഥിതിവിവര കണക്കുകൾ ശേഖരിച്ചിട്ടുണ്ടോയെന്നും അത് ആവശ്യമാണെന്ന് കരുതുന്നുണ്ടോയെന്നും വെളിപ്പെടുത്തുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2002 ഏപ്രിൽ മാസത്തിൽ അംഗീകരിച്ച "ദേശീയ ജലനയം" അനുസരിച്ച് ജല വിഭവശേഷി വികസന മേഖലയിൽ, വിവിധ പദ്ധതികളുടെ ആവശ്യങ്ങൾ നേരിടുന്നതിനുള്ള മുൻഗണന താഴെ പറയും പ്രകാരമാണ്.

1. കുടിവെള്ളം
2. ജലസേചനം
3. വൈദ്യുതോൽപ്പാദനം
4. പരിസ്ഥിതി സംരക്ഷണം
5. കാർഷിക വ്യവസായങ്ങളും കാർഷികേതര വ്യവസായങ്ങളും
6. ജലഗതാഗതം.

(സി) ഉണ്ട്.

(ഡി) സ്ഥിതിവിവര കണക്കുകൾ ശേഖരിച്ചിട്ടുണ്ട്. ഇവ പഠനങ്ങൾക്കും ഗവേഷണങ്ങൾക്കും ആവശ്യമാണ്.

യൂണിഡോയുടെ സഹായത്തോടെ ഉള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ

*5 [35] ശ്രീ. കെ. നാരായണക്കുറുപ്പ് :
,, റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യൂണിഡോയുടെ സഹായത്തോടെ സംസ്ഥാനത്ത് ചെറുകിട ജലവൈദ്യുത പദ്ധതി ആരംഭിക്കുവാൻ സർക്കാരിന് ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) വൈദ്യുതിയുടെ ഉല്പാദനത്തെ എത്രമാത്രം വർദ്ധിപ്പിക്കുവാൻ ഇതു മൂലം സാധിക്കുമെന്ന് അറിയിക്കാമോ;

(ഡി) ഈ പദ്ധതിക്ക് എത്ര മുടക്കുമുതൽ വേണ്ടിവരുമെന്നറിയിക്കാമോ;

(ഇ) ഈ പദ്ധതികൾ എവടെയൊക്കെയാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ ആന്റ് ബി) ഇല്ല. എന്നാൽ യൂണിഡോയുടെ സഹായത്തോടുകൂടി സംസ്ഥാന എനർജി മാനേജ്മെന്റ് സെന്ററിൽ തെക്കു-കിഴക്ക് ഏഷ്യാ മേഖലയിലെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വികസനത്തിനുവേണ്ടി ഒരു മേഖലാകേന്ദ്രം

LIBRARY ARCHIVES Kerala Legislative Assembly